പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഏപ്രിൽ 24, 2017

**ഭദോഹി അർബൻ സഹകരണ ബാങ്കിന് (ഭദോഹി)**
**ഭാരതീയ റിസർവ്വ് ബാങ്ക് പിഴ ചുമത്തിയിരിക്കുന്നു**

നോമിനൽ അംഗത്വം, എക്സ്പോഷർ/ പരിധി, നിയമപരവും മറ്റുമായ നിബന്ധനകൾ, ബാങ്കുകൾ തമ്മിലുള്ള ഇടപാടുകളിലെ എക്സ്പോഷർ പരിധി, കസ്റ്റമറെ തിരിച്ചറിയൽ എന്നീ കാര്യങ്ങളിൽ ഭാരതീയ റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ച നിർദ്ദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ലംഘിച്ചതായി കണ്ടെത്തിയതിനാൽ 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം 47 എ(1)(c)46(4) എന്നീ വകുപ്പുകൾ പ്രകാരം റിസർവ്വ് ബാങ്കിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് ഭാദോഹി അർബൻ സഹകരണ ബാങ്കിന് ഇരുപതിനായിരം ുറൂപ പിഴ ചുമത്തിയിരിക്കുന്നു.

ഭാരതീയ റിസർവ്വ് ബാങ്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അതിന്മേൽ ബാങ്ക് രേഖാമൂലം മറുപടിയും മുഖദാവിൽ വിശദീകരണങ്ങളും നൽകുകയും ചെയ്തു. വിഷയവുമായി ബന്ധപ്പെട്ട് എല്ലാ വസ്തുതകളും ബാങ്കിന്റെ മറുപടിയും വിശദീകരണങ്ങളും പരിഗണിച്ചതിനുശേഷം ബാങ്ക് നിർദ്ദേശ ലംഘനം നടത്തിയെന്നും അതിനാൽ പിഴ ചുമത്തേണ്ടതാണെന്നും ഉള്ള നിഗമനത്തിൽ ഭാരതീയ റിസർവ്വ് ബാങ്ക് എത്തി.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവ:2016-2017/2875